Draft #21 of File 23076/AC A1-1/2020/ACAD (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2021 04:19 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ- 2021-22 അദ്ധ്യയന വർഷം മുതൽ അഫിലിയേഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3359/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.07.2021

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം നം. 23076/ACA1-1/2020/Acad തീയതി. 06.10.2020

2. 2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പൽമാർ നൽകിയ അപേക്ഷ

3. സർവ്വകലാശാല ഉത്തരവ് നം. 4699/ACA1/2020/എം.ജി.യു. തീയതി.13.10.2020

4. സർവ്വകലാശാല ഉത്തരവ് നം. 4735/ACA1/2020/എം.ജി.യു. തീയതി.15.10.2020

5. സർവ്വകലാശാല ഉത്തരവ് നം. 4877/ACA1/2020/എം.ജി.യു. തീയതി 22.10.2020

6. കത്ത് നം. 23076/ACA1-1/2020/ACAD തീയതി. 22.10.2020 .

7. സർക്കാർ ഉത്തരവ് നം. G.O(Ms) No. 150/2021/ഉ.വി.വ. തീയതി. 25.02.2021

8. 22.06.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി- അഫിലിയേഷൻ& അപ്പ്രൂവലിന്റെ മിനിറ്റ്സ് ഇനംനം. 23076/ACA1-1/2020.

**ഉത്തരവ്**

2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ എയ്ഡഡ്/ഗവൺമെൻറ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം വിവിധ എയ്ഡഡ്/ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പൽമാർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷകൾ പരിഗണിച്ച സർവ്വകലാശാല, കോളേജുകളുടെ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധന സമിതികളെ പരാമർശം (3) & (4) പ്രകാരം നിയമിക്കുകയും ചെയ്തു. ടി സമിതികളുടെ അനുകൂലമായ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി കോളേജുകൾ അപേക്ഷിച്ച ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാമുകളുടെ അഫിലിയേഷൻ നൽകുന്നതിനായി പരാമർശം (6) പ്രകാരം സർക്കാരിന്റെ അനുമതി തേടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ പരിഗണിച്ച സിൻഡിക്കേറ്റ് ഉപസമിതി -അഫിലിയേഷൻ & അപ്പ്രൂവൽ, താഴെ കൊടുത്തിരിക്കുന്ന

കോളേജുകളിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾക്ക് 2021-22 അദ്ധ്യയന വർഷം മുതൽ അഫിലിയേഷൻ നൽകുന്നതിന് പരാമർശം (8) പ്രകാരം ശിപാർശ ചെയ്തു.

| ക്രമ നം. | കോളേജ് | ഭരണാനുമതി ലഭിച്ച പ്രോഗ്രാമുകൾ | സീറ്റ് |
|---|---|---|---|
| 1 | St. Xavier's College, Vaikom | B.Sc Food Science and Quality Control | 24 |
| 2 | Nirmala College, Muvattupuzha | Integrated M.Sc Programme in Computer Science-Data Science | 15 |
| 3 | Kuriakose Gregorios College, Pampady | B.Sc Food Science and Quality Control | 24 |
| 4 | Marthoma College for Women, Perumbavoor | Integrated M.Sc Programme in Basic Sciences- Physics | 15 |

മേൽ പറഞ്ഞിരിക്കുന്ന പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും-

1. സർക്കാർ/ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി പ്രോഗ്രാമിലേക്കുള്ള പ്രവേശനം.

2. പ്രവേശന സമയത്ത് വിദ്യാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്.

വിദ്യാർത്ഥികളുടെ അഫിലിയേഷൻ ഫീസ് : U.G 550/-രൂപ
(ഒറ്റ തവണ പ്രവേശനസമയത്ത്)
: P.G 750/- രൂപ(ഒറ്റ തവണ പ്രവേശന സമയത്ത്)

സ്പോർട്സ് അഫിലിയേഷൻ ഫീസ് : 210 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക്, സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്

വിദ്യാർത്ഥി ക്ഷേമനിധി : 30 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു

Draft #21 of File 23076/AC A1-1/2020/ACAD (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2021 04:19 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #21 of File 23076/AC A1-1/2020/ACAD (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2021 04:19 PM - Page 3

വർഷത്തേയ്ക്ക്

സർവ്വകലാശാല യൂണിയൻ ഫീസ് : 50/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക്

വിദ്യാർത്ഥികളുടെ ഇൻഷുറൻസ് പ്രീമിയം : 23 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക്

മെട്രിക്കുലേഷൻ ഫീസ് : 250 /- രൂപ

2. മേൽ പറഞ്ഞിരിക്കുന്ന കോളേജുകൾ അഫിലിയേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലേക്ക് അടക്കേണ്ടതായ ഫീസുകൾ സമയബന്ധിതമായി അടക്കേണ്ടതാണ്.

3. ടി പ്രോഗ്രാമുകൾ നടത്തേണ്ടത് സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിന്റെ പ്രിൻസിപ്പാൾ, അനുവദിച്ച സീറ്റുകളിലേക്ക് മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ സർവ്വകലാശാല നിയമ പ്രകാരം പരീക്ഷക്ക് തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച പ്രോഗ്രാമിലേക്ക് തന്നെ പരീക്ഷക്ക് ഇരുത്തുകയും വേണം.

4. കോഴ്സ് അഫിലിയേഷൻ ഫീസ് ഓരോ പ്രോഗ്രാമിനും

| | |
|---|---|
| U.G(Conventional courses) | -10500/-രൂപ . |
| U.G(New Generation courses) | -15750/-രൂപ . |
| P.G(Conventional courses ) | -15750/-രൂപ |
| P.G(New Generation courses) | -26250/-രൂപ |

എന്ന നിരക്കിൽ അടക്കേണ്ടതാണ്

മേൽ പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാല നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം പ്രോഗ്രാം നടത്തേണ്ടത്. അല്ലാത്ത പക്ഷം പ്രോഗ്രാമിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

പരാമർശം (8) പ്രകാരമുള്ള ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് 07/07/2021 തീയതിയിൽ വൈസ്-ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. പ്രിൻസിപ്പൽ സെക്രട്ടറി ഉന്നതവിദ്യാഭ്യാസ വകുപ്പ്
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളിജിയേറ്റ് എഡ്യൂക്കേഷൻ
4. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
5. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
6 . എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ)
7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/ഐ.ക്യു.എ.സി
8. എസി എ 1/എസി എ 9/ എസി ബി 6
9. എസിസി1/എസിസി2/എ റ്റി ആർ /CITAD
10. കരുതൽ ഫയൽ/റിക്കോർഡ്സ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #21 of File 23076/AC A1-1/2020/ACAD (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2021 04:19 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം